# കേരള സർക്കാർ

## സംഗ്രഹം

ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ പ്രിസൈഡിംഗ് ഓഫീസറായിരുന്ന ശ്രീ. ഇ. കെ. ഭാസുവിന് ബാർ സർവ്വീസ് കൂടി പരിഗണിച്ച് മിനിമം പെൻഷൻ അനുവദിച്ച OA.554/2016 നമ്പർ കേസിലെ 19/11/2022-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**സ.ഉ.(കൈ) നം.152/2023/ധന** **തിരുവനന്തപുരം, തീയതി: 10/10/2023**

---

പരാമർശം:- (1) 20/09/2007-ലെ സ.ഉ(കൈ) നം.125/07/തൊഴിൽ നമ്പർ ഉത്തരവ്.

(2) 07/10/2014-ലെ 80566/Pen-A3/14/ധന നമ്പർ കത്ത്.

(3) 01/01/2015-ലെ സ.ഉ(സാധാ) നം.01/2015/ധന നമ്പർ ഉത്തരവ്.

(4) 09/07/2015-ലെ സ.ഉ(സാധാ) നം.6424/2015/ധന നമ്പർ ഉത്തരവ്.

(5) 19/08/2015-ലെ അക്കൗണ്ടന്റ് ജനറലിന്റെ PO1/2101427631/4/371 കത്ത്.

(6) OA.554/2016 എന്ന കേസിലെ 19/11/2022-ലെ വിധിന്യായം.

## ഉത്തരവ്

അഭിഭാഷകവൃത്തിയിൽ 26 വർഷത്തിലേറെ പ്രാക്ടീസ് ഉണ്ടായിരുന്ന ശ്രീ. ഇ. കെ. ഭാസുവിനെ പരാമർശം (1) ഉത്തരവ് പ്രകാരം ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ പ്രിസൈഡിംഗ് ഓഫീസറായി നിയമിക്കുകയും ടിയാൻ 30/11/2014-ന് ടി തസ്തികയിൽ നിന്നും വിരമിക്കുകയുണ്ടായി. ശ്രീ. ഇ. കെ. ഭാസുവിന്റെ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ പ്രിസൈഡിംഗ് ഓഫീസറായുള്ള 25/09/2007 മുതൽ 30/11/2014 വരെയുള്ള സേവനകാലയളവ് കണക്കിലെടുത്ത് പരാമർശം (2) പ്രകാരം പെൻഷൻ അനുവദിച്ച് നൽകി എങ്കിലും ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ പ്രിസൈഡിംഗ് ഓഫീസറായുള്ള സേവനം മാത്രം കണക്കാക്കി ടിയാന് സൂപ്പർ ആനുവേഷൻ പെൻഷന് അർഹതയില്ലെന്നും ടിയാന് എക്സ്ഗ്രേഷ്യ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാനും അക്കൗണ്ടന്റ് ജനറൽ സർക്കാരിനോടഭ്യർത്ഥിക്കുകയുണ്ടായി. പരാമർശം (3) ഉത്തരവ് പ്രകാരം ശ്രീ. ഇ. കെ. ഭാസുവിനു അനുവദിച്ച സൂപ്പർആനുവേഷൻ പെൻഷൻ റദ്ദ് ചെയ്തു ഉത്തരവാകുകയും പരാമർശം (4) ഉത്തരവ് പ്രകാരം ടിയാന് ജുഡീഷ്യറിക്ക് ബാധകമാകുന്ന പെൻഷനറി ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവാകുകയും ചെയ്തു.

ജുഡീഷ്യൽ ഓഫീസേഴ്സിന് എക്സ്ഗ്രേഷ്യ പെൻഷൻ അനുവദനീയമല്ല. സൂപ്പർ ആനുവേഷൻ പെൻഷനോ എക്സ്ഗ്രേഷ്യ പെൻഷനോ ലഭിക്കാത്തതിനാലും ബാർ സർവ്വീസ് കൂടി പരിഗണിച്ച് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാത്തതിനാലും (8 വർഷം യോഗ്യസേവനകാലമില്ലാത്തതിനാൽ) ശ്രീ. ഇ. കെ. ഭാസു ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒ.എ. 554/2016 ഫയൽ ചെയ്യുകയും പരാമർശം (6) വിധിന്യായ പ്രകാരം കെ.എസ്.ആർ ഭാഗം III ചട്ടം 11 ന്റെ അധികാരം ഉപയോഗിച്ച് ശ്രീ. ഇ. കെ. ഭാസു സമർപ്പിച്ച അപേക്ഷയിന്മേൽ ടിയാനെ കേട്ട് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയായ ധനകാര്യ വകുപ്പിനോട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിർദ്ദേശിക്കുകയും ചെയ്തു.

കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ 14/03/2023-ൽ ശ്രീ. ഇ. കെ. ഭാസുവിനെ നേരിൽ കേൾക്കുകയുണ്ടായി. പരാമർശം (4) ഉത്തരവ് പ്രകാരം തനിക്ക് പെൻഷനും മറ്റ് പെൻഷനറി ആനുകൂല്യങ്ങളും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും ടി സർക്കാർ ഉത്തരവിനെ തുടർന്ന് ഡി.സി.ആർ.ജി മാത്രമേ ലഭിച്ചിട്ടുള്ളൂ എന്നും പെൻഷൻ ലഭ്യമായിട്ടില്ലാത്തതാണെന്നും ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ പ്രിസൈഡിംഗ് ഓഫീസറായുള്ള യോഗ്യസേവനകാലയളവ് 7 വർഷവും 2 മാസവും 6 ദിവസവും എന്നത് 8 വർഷമായി ഉയർത്തി നൽകണമെന്നും അതിനൊപ്പം തന്റെ ബാർ സർവ്വീസായ 10 വർഷം കൂടി കണക്കിലെടുത്തു യോഗ്യസേവനകാലം 18 വർഷമായി പുനർനിർണ്ണയിക്കണമെന്നും ടിയാൻ അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ പ്രിസൈഡിംഗ് ഓഫീസറായുള്ള സേവനകാലം കണക്കാക്കി ശ്രീ. ഇ. കെ. ഭാസുവിന് പെൻഷന് അർഹതയില്ലാത്തതിനാൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് ശ്രീ. ഇ. കെ. ഭാസുവിന് ബാർ സർവ്വീസ് കൂടി കണക്കിലെടുത്തു മിനിമം പെൻഷൻ അനുവദിക്കുന്നതിന് അനുമതി നൽകി OA.554/2016 നമ്പർ കേസിലെ 19/11/2022-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**രബീന്ദ്രകുമാർ അഗർവാൾ**

പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
3. ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, പട്ടം, തിരുവനന്തപുരം.
4. ധനകാര്യ (പെൻഷൻ-എ) വകുപ്പ്

5. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ 1783, തീയതി 04/10/2023)

6. ശ്രീ. ഇ. കെ. ഭാസ്യ, ദീപ്തി, GRA-16, പൊട്ടക്കുഴി, ഗൗരീശപട്ടം റോഡ്, പട്ടം പാലസ് പി. ഒ, തിരുവനന്തപുരം - 695004.

7. നോഡൽ ഓഫീസർ, www.finance.kerala.gov.in

8. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ഇ-61465)

ഉത്തരവിൻ പ്രകാരം

Ganesh A

**സെക്ഷൻ ഓഫീസർ**

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 04-10-2023

ഫയൽ നം. 61465/പെൻ-ബി4/2015/ധന. ഇനം നം: 1783

വിഷയം : ധനകാര്യ വകുപ്പ് - ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ പ്രിസൈഡിംഗ് ഓഫീസറായിരുന്ന ശ്രീ. ഇ. കെ. ഭാസുവിന് മിനിമം പെൻഷൻ/ എക്സ്ഗ്രേഷ്യ പെൻഷൻ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (a) അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

AS (Pen)
SO Pen B4
Received on 7/10/2023
GK

1783

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 61465/പെൻ-ബി4/2015-ധന |
| 2 | വകുപ്പ് | ധനകാര്യ വകുപ്പ് |
| 3 | വിഷയം | ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ പ്രിസൈഡിംഗ് ഓഫീസറായിരുന്ന ശ്രീ. ഇ. കെ. ഭാസുവിന് മിനിമം പെൻഷൻ/ എക്സ്ഗ്രേഷ്യ പെൻഷൻ അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 22/08/2023 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | ഉണ്ട് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഫയൽ ധനകാര്യ വകുപ്പ് തന്നെയാണ് കൈകാര്യം ചെയ്യുന്നത് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. എ. ഷിബു |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. രബീന്ദ്രകുമാർ അഗർവാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 14/09/2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു വി. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 19/09/2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. എൻ. ബാലഗോപാൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 19/09/2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 25/09/2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

<u>**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**</u>

ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ പ്രിസൈഡിംഗ് ഓഫീസറായിരുന്ന ശ്രീ. ഇ. കെ. ഭാസുവിന് മിനിമം പെൻഷൻ / എക്സ്ഗ്രേഷ്യ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. ശ്രീ. ഇ. കെ. ഭാസു 10/01/1981 മുതൽ കൊല്ലം മുൻസിഫ് കോടതിയിലും ജില്ലാ കോടതിയിലും പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകനായിരുന്നു. 20/09/2007 ലെ G.O(Ms)No.125/07/LBR ഉത്തരവ് പ്രകാരം അദ്ദേഹത്തെ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ പ്രിസൈഡിംഗ് ഓഫീസറായി തെരഞ്ഞെടുത്തു. ടിയാനെ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ പ്രിസൈഡിംഗ് ഓഫീസറായി നിയമിച്ച തീയതിയിൽ അദ്ദേഹത്തിന് അഭിഭാഷകവൃത്തിയിൽ 26 വർഷത്തിലേറെ പ്രാക്ടീസ് ഉണ്ടായിരുന്നു. ടിയാൻ 30/11/2014-ന് ജോലിയിൽ നിന്ന് വിരമിച്ചു. വിരമിക്കുന്ന തീയതിയിൽ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ പ്രിസൈഡിംഗ് ഓഫീസർ എന്ന നിലയിൽ ടിയാന് 7 വർഷവും 2 മാസവും 6 ദിവസത്തെ സേവനവും മാത്രമേ ഉണ്ടായിരുന്നുള്ളൂ. തുടർന്ന് 07.10.2014 ലെ 80566/Pen-A3/14/ധന നമ്പർ കത്ത് പ്രകാരം ടിയാന് പെൻഷൻ ബുക്കിൽ പെൻഷൻ അനുവദിച്ച് പ്രപ്പോസൽ അക്കൗണ്ടന്റ് ജനറലിന് നൽകിയിരുന്നു. 7 വർഷവും 2 മാസവും 6 ദിവസവും സർവീസ് മാത്രം സേവനം ഉള്ളതിനാൽ സൂപ്പർ ആനുവേഷൻ പെൻഷന് അർഹതയില്ലെന്നും ടിയാന് എക്സ്ഗ്രേഷ്യ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാനും അക്കൗണ്ടന്റ് ജനറൽ സർക്കാരിനോടാവശ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ, 01.01.2015 ലെ സ.ഉ(സാധാ)നം.01/2015/ധന പ്രകാരം ടിയാന് അനുവദിച്ച സൂപ്പർആനുവേഷൻ പെൻഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന് 09.07.2015 ലെ സ.ഉ(സാധാ).നം.6424/2015/ധന പ്രകാരം ടിയാന് ജുഡീഷ്യറിക്ക് ബാധകമാകുന്ന പെൻഷൻ ചട്ടങ്ങൾക്കനുസൃതമായി പെൻഷനറി ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. 25/06/2015 -ലെ GPO No.121598246 പ്രകാരം, അക്കൗണ്ടന്റ് ജനറൽ ടിയാന് പെൻഷൻ അനുവദിച്ചിരുന്നില്ല പകരം 4,44,192/- രൂപ ഡി.സി.ആർ.ജി. യായി അനുവദിച്ചിട്ടുണ്ടായിരുന്നു. 19.08.2015 -ലെ PO1/2101427631/4/371 കത്ത് പ്രകാരം ജുഡീഷ്യൽ ഓഫീസേഴ്സിന് എക്സ്ഗ്രേഷ്യ പെൻഷന് അർഹതയുണ്ടോയെന്ന് അക്കൗണ്ടന്റ് ജനറൽ സർക്കാരിനോട് സ്പഷ്ടീകരണം ആവശ്യപ്പെടുകയുണ്ടായി. ജുഡീഷ്യൽ ഓഫീസേഴ്സിന് നിലവിൽ എക്സ്ഗ്രേഷ്യ പെൻഷൻ അനുവദിക്കുന്നില്ല. സൂപ്പർ ആനുവേഷൻ പെൻഷനോ എക്സ്ഗ്രേഷ്യ പെൻഷനോ ലഭിക്കാത്തതിനാലും ബാർ സർവീസ് കൂടി പരിഗണിച്ച് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാത്തതിനാലും (8 വർഷം യോഗ്യസേവനകാലമില്ലാത്തതിനാൽ) ശ്രീ. ഇ. കെ. ഭാസു ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒ എ 554/2016 ഫയൽ ചെയ്യുകയുണ്ടായി. കെ എസ് ആർ ഭാഗം 3 ചട്ടം 57 ന്റെ പരിധിയിൽ നിന്ന് കൊണ്ട് ടിയാന്റെ യോഗ്യസേവനകാലയളവ് 7 വർഷം 2 മാസവും 6 ദിവസവും എന്നത് 8

വർഷമായി ഉയർത്തി നൽകണമെന്നും അതിനൊപ്പം ടിയാന്റെ ബാർ സർവീസായ 10 വർഷം കൂടി കൂട്ടി യോഗ്യസേവനകാലം 18 വർഷമായി പുനർനിർണ്ണയിക്കണമെന്നും ടിയാൻ അപേക്ഷിച്ചിരുന്നു.

3. തുടർന്ന്, OA. 554/2016 എന്ന കേസിലെ 2022 നവംബർ 19 ലെ വിധിന്യായം പ്രകാരം കെ.എസ്.ആർ ഭാഗം 3 ചട്ടം 11 ന്റെ അധികാരം ഉപയോഗിച്ച് ശ്രീ. ഇ. കെ. ഭാസു സമർപ്പിച്ച എ 5 അപേക്ഷയിന്മേൽ ടിയാനെ കേട്ട് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയായ ധനകാര്യ വകുപ്പിനോട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദേശിച്ചിരുന്നു.

4. G.O.(Rt)No.6424/2015/Fin dated 09/07/2015 പ്രകാരം തനിക്ക് പെൻഷനും മറ്റ് പെൻഷനറി ആനുകൂല്യങ്ങളും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും എന്നാൽ, ടി സർക്കാർ ഉത്തരവിനെ തുടർന്ന് ഡി.സി.ആർ.ജി മാത്രമേ ലഭിച്ചിട്ടുള്ളു എന്നും പെൻഷൻ ലഭ്യമായിട്ടില്ലാത്തതാണെന്നും 14.03.2023 ലെ ഹിയറിംഗ് വേളയിൽ ടിയാൻ അറിയിച്ചു. മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ആനുകൂല്യം ലഭിക്കുന്നതായും ടിയാൻ അറിയിച്ചു.

5. സമാനമായ മറ്റൊരു കേസിൽ മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണൽ മെമ്പർ (ചെയർമാൻ-ഇൻ-ചാർജ്) ആയിരുന്ന ശ്രീ. പി. കെ. ബാലകൃഷ്ണൻ നായർക്ക് നിയമവകുപ്പിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ബഹു. മന്ത്രിസഭയുടെ അനുമതിയോടെ മിനിമം പെൻഷൻ അനുവദിച്ച് ഉത്തരവായിരുന്നു **[HOME-C5/281/2018-HOME (Computer No. 949332)]**. 30.09.2010 -ൽ സർവീസിൽ പ്രവേശിക്കുകയും 30.07.2018 ൽ സർവീസ് അവസാനിപ്പിക്കുകയും ചെയ്ത ടിയാന് 7 വർഷം 10 മാസം 1 ദിവസം സർവീസാണ് ഉണ്ടായിരുന്നത്. പ്രസ്തുത സർവീസിനൊപ്പം 10 വർഷത്തെ ബാർ സർവീസ് കൂടി പരിഗണിച്ച് ടിയാന് 01.08.2018 മുതൽ മിനിമം പെൻഷൻ അനുവദിക്കുവാൻ ബഹു. മന്ത്രിസഭ 25/09/2019 ൽ (ഇനം.3375) തീരുമാനമെടുത്തതിന്റെ വെളിച്ചത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

6. ഒരു പ്രത്യേക കേസായി, 10 വർഷത്തെ ബാർ സർവീസ് കൂടി പരിഗണിച്ച് ശ്രീ. ഇ. കെ. ഭാസുവിന് മിനിമം പെൻഷൻ അനുവദിക്കാവുന്നതാണോ അല്ലായെങ്കിൽ ജുഡീഷ്യൽ പെൻഷൻ പദ്ധതിയുടെ കീഴിൽ വരുന്നവർക്ക് മിനിമം പെൻഷന് അർഹതയില്ലാത്തപക്ഷം എക്സ്ഗ്രേഷ്യ പെൻഷൻ അനുവദിക്കാമോ എന്നതിന്മേൽ ധനകാര്യ (പെൻഷൻ-ബി) വകുപ്പ് ഉത്തരവിനായി ഫയൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി മുഖാന്തിരം ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തിരുന്നു. ശ്രീ. ഇ. കെ. ഭാസുവിന് മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണൽ മെമ്പറായിരുന്ന (ചെയർമാൻ-ഇൻ-ചാർജ്) ശ്രീ. പി. കെ. ബാലകൃഷ്ണൻ

നായർക്ക് നൽകിയത് പോലെ മിനിമം പെൻഷൻ ക്യാബിനറ്റ് അംഗീകാരത്തോടെ അനുവദിക്കേണ്ടതുണ്ടോയെന്ന് ബഹു. മുഖ്യമന്ത്രി കണ്ട് തീരുമാനിക്കുവാൻ ബഹു. ധനകാര്യ വകുപ്പ് മന്ത്രി ഫയലിൽ അഭിപ്രായം രേഖപ്പെടുത്തിയിരുന്നു. ബഹു. മുഖ്യമന്ത്രി ആവശ്യപ്പെട്ടതനുസരിച്ച് ചീഫ് സെക്രട്ടറി ഫയൽ പരിശോധിച്ച്, നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ശ്രീ. ഇ. കെ. ഭാസുവിന് മിനിമം പെൻഷന് അർഹതയില്ലാത്തതിനാൽ മിനിമം പെൻഷൻ അനുവദിക്കണമെന്ന നിർദ്ദേശം പരിഗണിക്കേണ്ടതില്ലായെന്നും, അപേക്ഷ നിരസിച്ച് ഉത്തരവാകാവുന്നതാണെന്നും ഫയലിൽ അഭിപ്രായം രേഖപ്പെടുത്തിയിരുന്നു. തുടർന്ന്, മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണൽ മെമ്പറായിരുന്ന (ചെയർമാൻ-ഇൻ-ചാർജ്) ശ്രീ. ബാലകൃഷ്ണൻ നായർക്ക് അനുവദിച്ചത് പോലെ ഒരു പ്രത്യേക കേസായി 10 വർഷത്തെ ബാർ സർവീസ് കൂടി പരിഗണിച്ച് ശ്രീ. ഇ. കെ. ഭാസുവിന് പെൻഷൻ ആനുകൂല്യം അനുവദിക്കാമോ എന്നതു സംബന്ധിച്ച പ്രൊപ്പോസൽ ബഹു. മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവ് നൽകുകയുണ്ടായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

a) ഒരു പ്രത്യേക കേസായി, 10 വർഷത്തെ ബാർ സർവീസ് കൂടി പരിഗണിച്ച് ശ്രീ. ഇ. കെ. ഭാസുവിന് മിനിമം പെൻഷൻ അനുവദിക്കാവുന്നതാണോ?

അല്ലെങ്കിൽ

b) ജുഡീഷ്യൽ പെൻഷൻ പദ്ധതിയുടെ കീഴിൽ വരുന്ന ശ്രീ. ഇ. കെ. ഭാസുവിന് മിനിമം പെൻഷന് അർഹതയില്ലാത്തതിനാൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് സംസ്ഥാന നിരക്കിലുള്ള എക്സ്ഗ്രേഷ്യ പെൻഷൻ അനുവദിക്കാമോ?

അല്ലെങ്കിൽ

c) നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ശ്രീ. ഇ. കെ. ഭാസുവിന് മിനിമം പെൻഷന്/ എക്സ്ഗ്രേഷ്യ പെൻഷൻ അർഹതയില്ല. ആയതിനാൽ, മിനിമം പെൻഷൻ/ എക്സ്ഗ്രേഷ്യ പെൻഷൻ അനുവദിക്കണമെന്ന അപേക്ഷ നിരസിച്ച് ഉത്തരവാകാവുന്നതാണ്.